# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2854** 18.06.2018 -ലെ മറുപടിയ്ക്ക്

**ദേശീയാടിസ്ഥാനത്തിൽ ആർട്സ് & സയൻസ് കോളേജുകളുടെ റാങ്കിംഗ്**

*ചോദ്യം*
ശ്രീ.കെ. കൃഷ്ണൻകുട്ടി
,, സി.കെ.നാണു
,, കോവൂർ കുഞ്ഞുമോൻ
,, കെ.ബി.ഗണേഷ് കുമാർ

*ഉത്തരം*
പ്രൊഫ. സി രവീന്ദ്രനാഥ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേശീയാടിസ്ഥാനത്തിൽ ആർട്സ് & സയൻസ് കോളേജുകളുടെ റാങ്കിംഗ് നടത്താനുള്ള തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ റാങ്കിംഗ് കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ പോകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>ഉയർന്ന റാങ്കിംഗ് നേടുന്നതിന് സ്ഥാപനങ്ങൾ പ്രാപ്തമാകുമ്പോൾ അക്കാദമിക, ഗവേഷണ രംഗത്ത് മികവ് കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കേരളത്തിലെ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനെപ്പറ്റി എന്തെങ്കിലും പഠനങ്ങൾ നടത്തുകയോ സർവകലാശാലകളുമായി ചർച്ചകൾ നടത്തുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എന്നാൽ അക്കാദമിക രംഗത്തെ ഗുണനിലവാരം ഉയർത്തുന്നതിന് വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തി വരുന്നു. |
| (സി) | ദേശീയതലത്തിൽ രൂപവൽക്കരിക്കപ്പെട്ട റാങ്കിംഗ് ഫ്രെയിംവർക്ക് അടിസ്ഥാനമാക്കി | (സി) | ശതോത്തര വാർഷികം ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി |

| | | | |
|---|---|---|---|
| | കേരളത്തിലെ ആർട്സ് & സയൻസ് കോളേജുകളെ ദേശീയ നിലവാരത്തിലേയ്ക്കുയർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | | ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ് എന്നീ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനു വേണ്ടി കിഫ്ബി മുഖേന **150** കോടി രൂപയുടെ പ്രത്യേക നിക്ഷേപ പാക്കേജിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ **48** സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി മുഖേന 'മികവിന്റെ കേന്ദ്രങ്ങൾ' ആക്കുന്നതിന് (Centre of **Excellence**) നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതികളുടെ നടത്തിപ്പിനായി KITE നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ **(SPV)** ആയി നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ